പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) ഇല്ല

(ബി) ഒ.ബി.സി. ക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ഇതുൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് എല്ലാ സംസ്ഥാനങ്ങൾക്കും കൂടി 47.35 കോടി രൂപ മാത്രമാണ് കേന്ദ്രം വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സഹായത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഇതുവരെ സഹായമൊന്നും കിട്ടിയിട്ടില്ല.

(സി) ഫീസാനുകൂല്യം , ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തന്നെ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുനൽകി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുകയാണെങ്കിൽ കൂടുതൽ ആനുകൂല്യം നൽകുന്നതാണ്.

പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായം

2 (*189) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനത്തിനും മറ്റുമായി പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പു മുഖാന്തിരം എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുണ്ട് ;

(ബി) ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നു ;

(സി) ഇതിനായി പ്രതിവർഷം എത്ര തുക ചെലവഴിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) : പിന്നോക്ക വിഭാഗക്ഷേമ വകുപ്പിന്റെ പ്രവർത്തനം നടത്തിയിട്ടില്ല. ഇപ്പോൾ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരമാണ് പിന്നോക്ക വിഭാഗക്ഷേമ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ , ഡിഗ്രി, ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസാനുകൂല്യവും, ലംപ്സംഗ്രാന്റും സ്റ്റൈപന്റും നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1998-99-ൽ ചെലവായ തുകയുടെ വിവരം ഇപ്രകാരമാണ്.

ഒ.ബി.സി.	ലക്ഷം രൂപ
പ്രീമെട്രിക് പഠനം	2.017 (പ്ലാൻ)
പ്രീമെട്രിക് പഠനം	196.811 (നോൺപ്ലാൻ)
പോസ്റ്റ് മെട്രിക് പഠനം	8.000 (പ്ലാൻ)
പോസ്റ്റ് മെട്രിക് പഠനം	1427.400 (നോൺപ്ലാൻ)

ശ്രീ. അടൂർ പ്രകാശ്: സർ, കേന്ദ്ര സഹായത്തിനുവേണ്ടി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് അങ്ങിവിടെ പറയുകയുണ്ടായി. അങ്ങനെയൊരു പ്രൊപ്പോസൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭത്തിൽതന്നെ ഇത് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, സംസ്ഥാനത്ത് സ്വന്തം നിലയിൽ പിന്നോക്ക വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി പുതിയ ഒരു പദ്ധതി നടപ്പിലാക്കാനുള്ള പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് വിശദമാക്കാമോ ? ഇല്ലെങ്കിൽ ഇതിനാവശ്യമായ ഒരു പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഗവൺമെന്റ് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ തന്നെ പിന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും അതുപോലെത്തന്നെ ഫീസ് ആനുകൂല്യവും നൽകുന്നുണ്ട്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ആളുകളുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. പി. ജോയി: സർ, കേന്ദ്ര ഗവൺമെന്റിൽ പ്രോപ്പോസൽ നൽകിയതിന്റെ തീയതിയും അങ്ങിവിടെ പറയുകയുണ്ടായി. നമ്മൾ കേന്ദ്ര ഗവൺമെന്റിന് ഇതുപോലെ ഒട്ടേറെ നിവേദനങ്ങൾ നൽകാറുണ്ട്. യാതൊരുവിധ ഫലവും ഏതു വകുപ്പിന്റെ കാര്യത്തിലായാലും ഉണ്ടാകാറില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് ബന്ധപ്പെടുകയും ഈ ആനുകൂല്യം പ്രത്യേകിച്ചും കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം കിട്ടിയാൽ കൂടുതൽ തുക പിന്നോക്കവിഭാഗം കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസരംഗത്ത് നൽകാൻ കഴിയുമെന്നുതന്നെ അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ അതുനൽകാൻ അങ്ങ് കേന്ദ്രമന്ത്രിയെ കണ്ട് അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ചാണ് നമ്മൾ ഈ പ്രോപ്പോസൽ തയ്യാറാക്കിയത്. പ്രോപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും നിരവധി പ്രാവശ്യം കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. പക്ഷേ ഈ സ്കീം തന്നെ കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചിട്ടില്ല. ഇന്ത്യയിൽ ആകെ ഇതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത് 47.35 കോടി രൂപയാണ്. അത് എസ്. സി./ എസ്.ടി. കുട്ടികൾക്കും പിന്നോക്ക വിഭാഗം കുട്ടികൾക്കും വേണ്ടിയാണ് മാറ്റിവച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മൾ സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുമോ എന്നുള്ള കാര്യം സംശയമാണ്.

ശ്രീ. പി. ജെ. ജോയി : സർ, പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റുൾപ്പെടെ പല ആനുകൂല്യങ്ങളും നൽകുന്നുണ്ട് എന്നു പറഞ്ഞു. മൊത്തം എന്തു തുകയാണ് പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുവേണ്ടി ചെലവാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നമ്പർ അനുസരിച്ച് അവർക്ക് ആനുകൂല്യം നൽകുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത് സാമ്പത്തിക പരിധി നിശ്ചയിച്ചത് അനുസരിച്ചാണ്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് അത് ഒന്നരലക്ഷം രൂപയാണെന്നാണ് മനസ്സിലാക്കുന്നത്. എങ്കിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ ഭാര്യാഭർത്താക്കൻമാരുടെ മക്കൾക്കുപോലും ഈ സാമ്പത്തിക പരിധി നിശ്ചയിച്ചതുകൊണ്ട് ആനുകൂല്യം ലഭിക്കാൻ സാധ്യതയില്ല. അതുകൊണ്ട് ഇടത്തരക്കാരായ ആളുകൾക്കെങ്കിലും കിട്ടത്തക്കവണ്ണം ഇതിന്റെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇപ്പോൾത്തന്നെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒന്നരലക്ഷം രൂപ എന്നുപറഞ്ഞാൽ ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ 1,05,000 രൂപ വർദ്ധിപ്പിച്ചാൽ മതിയായിരുന്നു. അത് ഗവൺമെന്റ് ഒന്നര ലക്ഷം രൂപയായി എൻട്രൻസ് പരീക്ഷയ്ക്ക് കുട്ടികൾക്ക് അഡ്മിഷൻ കിട്ടാൻ വേണ്ടി വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും മറ്റുള്ളതിനും ഇപ്പോൾ നിലവിലുള്ള തുക തന്നെയാണ് നിലനിൽക്കുന്നത്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പിന്നോക്ക വിഭാഗത്തിൽപ്പെട്ട വ്യക്തികൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങൾ ആധുനിക സാങ്കേതിക വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾക്കായി അപേക്ഷിച്ചാൽ അല്ലെങ്കിൽ പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ഇത്തരം ആധുനിക സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾക്ക് അപേക്ഷിച്ചാൽ അതിനൊരു പ്രത്യേക പരിഗണന നൽകി പിന്നോക്ക വിഭാഗങ്ങളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ നടപടിയും പരിഗണനയും നൽകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇപ്പോൾത്തന്നെ എല്ലാ പരിഗണനയുമുണ്ട്. കൂടുതൽ പരിഗണന കൊടുക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നിശ്ചയിച്ചത് വളരെ വർഷങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

മുൻപാണ്. അങ്ങനെ നിശ്ചയിച്ചിട്ടുള്ള ആനുകൂല്യം വളരെ അപര്യാപ്തമാണെന്ന് ഗവണമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ആ തുക അപര്യാപ്തമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച് വിശദമായി പരിശോധിച്ചതിനുശേഷം മറുപടി പറയാം.

ശ്രീ. എൻ. അനിരുദ്ധൻ : സർ, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ എഴുതി വിദ്യാഭ്യാസം തുടരുന്ന പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്ക്, ക്രീമിലെയറിന്റെ പരിധിയിൽ വരാത്ത ആളുകൾക്കാണ് ഈ സൗജന്യം നൽകുന്നത്. ഇപ്പോൾ ആ സൗജന്യത്തിന് അർഹത നേടുന്നതിനുള്ള വരുമാന പരിധി ഒന്നര ലക്ഷം രൂപയ്ക്ക് മുകളിലാണെന്ന് മന്ത്രി ഇവിടെ ഉത്തരം നൽകുകയുണ്ടായി. പക്ഷേ ഈ സർട്ടിഫിക്കറ്റ് നൽകുന്ന ആളുകൾ ഇപ്പോഴും 42,000 രൂപയ്ക്കുമേൽ വരുമാനമുള്ള ആളുകൾക്ക് സർട്ടിഫിക്കറ്റ് നൽകാൻ വിമുഖത കാണിക്കുന്നുണ്ട്. അതിന് വ്യക്തമായി നിർദ്ദേശം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, കഴിഞ്ഞ ക്യാബിനറ്റാണ് വരുമാനപരിധി ഒന്നരലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. അതിനുമുൻപുള്ള സ്ഥിതിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഇനിമുതൽ ഒന്നരലക്ഷം രൂപയുടെ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, പിന്നോക്കജനവിഭാഗങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് ഒരു സ്കീം സമർപ്പിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. 47 കോടിയോളം രൂപയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആ ഇനത്തിൽ വകയിരുത്തിയിരിക്കുന്നതെന്നും പറയുകയുണ്ടായി. നമ്മുടെ സ്കീം കേന്ദ്ര ഗവൺമെന്റ് നിരസിക്കുന്നത് എന്തു കാരണം കൊണ്ടാണെന്ന് ഈ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ? കേരളം 100 ശതമാനം സാക്ഷരത കൈവരിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണോ ഈ സ്കീം കേന്ദ്ര ഗവൺമെന്റ് നിഷേധിക്കുന്നത് ; വകുപ്പുമന്ത്രിക്ക് അതിന്റെ കാരണമെന്താണെന്ന് പറയാൻ കഴിയുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇതു എസ്.സി./എസ്.ടി. കുട്ടികളെ ബാധിക്കുന്ന പ്രശ്നമല്ല. പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കുവേണ്ടി ഒരു പ്രത്യേക സ്കീം തയ്യാറാക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടു. കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഇരുപതു കോടിയോളം രൂപ ചെലവഴിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു സ്കീം തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ആ സ്കീം കേന്ദ്രം അംഗീകരിച്ചില്ല. അതുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : എന്റെ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരമല്ല അത്. സ്കീം കൊടുത്തു, സ്കീം നിരസിച്ചു, എന്തുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്കീം നിരസിച്ചത്? അതാണ് എനിക്ക് അറിയേണ്ടത്? അതുപോലെ ഗവൺമെന്റ് പിന്നോക്ക ജനവിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് ഉപരി പഠനത്തിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് പറഞ്ഞു. ഉന്നതപഠനമെന്ന് പറയുമ്പോൾ പി.ജി. കോഴ്സ് അല്ലെങ്കിൽ ഡിഗ്രി കോഴ്സ്, വെറും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നിന്ന് പഠിച്ച് ബിരുദമെടുക്കുന്നവർക്ക് മാത്രമാണോ അതോ പ്രൊഫഷണൽ കോളേജുകളിൽ നിന്ന്, ഉദാഹരണത്തിന് സിവിൽ എൻജിനീയറിംഗ് പാസ്സായ കുട്ടികൾക്ക് ജോലി കിട്ടുന്നില്ല. എത്രയോ വർഷങ്ങളായി റിക്രൂട്ടുമന്റൊന്നും നടക്കുന്നില്ല. അങ്ങനെ ജോലി സാധ്യതയില്ലാതെ നിൽക്കുന്ന ഒരു സാഹചര്യത്തിൽ കംപ്യൂട്ടർ മേഖലയിൽ ഉന്നത പഠനം നടത്തുന്നതിനുവേണ്ടി കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; എത്ര രൂപ വരെയാണ് നൽകുന്നത് ; ഇ.ആർ.ആന്റ്.ഡി.സി.യിൽ ട്രെയിനിംഗിന്, വെറും മെയിൽ സ്ട്രീം എന്നു പറയുന്നുണ്ട്, അവിടെ രണ്ടാഴ്ച പഠിക്കുന്നതിന് 60,000 രൂപയാണ് ഫീസ് . ജാവ എന്ന് പറയുന്ന വേറൊരു കംപ്യൂട്ടർ കോഴ്സുണ്ട്. രണ്ട് മാസത്തെ കോഴ്സ്, വളരെ വലിയ ഒരു എമൗണ്ടാണ് ഇവിടെ ഫീസായി ഈടാക്കുന്നത്. ഈ പിന്നോക്ക വിഭാഗങ്ങൾക്ക് എങ്ങനെയാണ് ഈ തുച്ഛമായ ആനുകൂല്യങ്ങൾ കൊണ്ട് ഇതുപോലുള്ള ഉന്നത ബിരുദമെടുക്കാൻ കഴിയുക ? ജോലി സാദ്ധ്യതയുള്ള കോഴ്സാണിത്. അതിനു പ്രത്യേക പരിഗണന ഗവൺമെന്റ് നൽകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : മെമ്പർ പറഞ്ഞ രണ്ട് കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്. ഈ സ്കീം കേന്ദ്ര ഗവൺമെന്റ് നിരസിക്കാൻ കാരണമെന്താണെന്നുള്ളത് സംബന്ധിച്ച്, ഈ സ്കീം തന്നെ പ്രഖ്യാപിച്ചത് ഒരു പ്രൊപ്പഗാൻഡയ്ക്കുവേണ്ടിയാണ്. അതായത് പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നൽകുന്നതിനും ഹോസ്റ്റലുകൾ തുടങ്ങുന്നതിനുമൊക്കെ വേണ്ടിയാണ് പ്രൊപ്പോസൽ സമർപ്പിച്ചത്. പക്ഷേ കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങൾക്കും വേണ്ടി, പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും മറ്റു വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും എല്ലാം കൂടി മാറ്റിവച്ചിട്ടുള്ളത് 47.35 കോടിരൂപയാണ്. ഇന്ത്യക്ക് മുഴുവനായിട്ടാണ് നൽകുന്നത്. അതുകൊണ്ട് തന്നെ ആ സ്കീം വെറുമൊരു പ്രൊപ്പഗാൻഡയാണെന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ട് തന്നെയായിരിക്കാം ഒരു പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇതിന് അപ്രൂവൽ തരാതിരുന്നത്. രണ്ടാമത് മെമ്പർ പറഞ്ഞ കാര്യത്തെ സംബന്ധിച്ചാണെങ്കിൽ, ഉന്നത വിദ്യാഭ്യാസം ലഭിച്ച ആളുകളും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. അവർക്ക് മുഴുവൻ തൊഴിൽകൊടുക്കാൻ ഒരു സർക്കാരിനും കഴിയുകയില്ല. അതുപോലെ തന്നെ ഉന്നതമായ കോഴ്സുകൾ, ആ കോഴ്സുകൾക്ക് വരുന്ന മുഴുവൻ കുട്ടികളുടെയും ചെലവ് സർക്കാൻ വഹിക്കുക എന്നുള്ളത് കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക നില വച്ചുകൊണ്ട് സാധ്യമല്ല.

ശ്രീ. പി. നാരായണൻ : പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സായിക്കഴിഞ്ഞ് കോളേജുകളിൽ പോകുമ്പോൾ എത്ര ഉയർന്ന മാർക്ക് വാങ്ങിച്ചാലും അവരെ ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

കാട്ടയിലേക്ക് വിടാതെ എസ്.സി. കാട്ടയിലേക്ക് വിടുകയാണ് ചെയ്യുന്നത്. ഇതു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. രാധാകൃഷ്ണൻ : മെരിറ്റിലും റിസർവേഷനിലും സെപ്പറേറ്റ് അഡ്മിഷൻ നൽകണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നയം. ഏതെങ്കിലും സ്ഥാപനങ്ങളിൽ മെരിറ്റിലും റിസർവേഷനിലും വരുന്ന കുട്ടികളെ റിസർവേഷനിൽ മാത്രമാണ് പരിഗണിക്കുന്നതെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ : പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് യഥാസമയം സ്റ്റൈഫന്റ് കിട്ടുന്നില്ലെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ചില സ്ഥാപനങ്ങളിൽ കുട്ടികൾക്ക് സ്റ്റൈപ്പന്റ് യഥാസമയം കൊടുക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽ വരുന്ന മുറയ്ക്ക് സ്റ്റൈപ്പന്റ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഈ സർക്കാർ സമർപ്പിച്ച പ്രോജക്ട് തള്ളിക്കളഞ്ഞുവെന്ന് പറഞ്ഞു. കേന്ദ്രം പിന്നോക്ക വിഭാഗങ്ങൾക്ക് മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ ഫോർ ഒ.ബി.സി.സ്(ഗേൾസ് ആന്റ് ബോയ്സ്), പ്രീ മെട്രിക് പഠനത്തിനും മറ്റു ഉന്നത വിദ്യാഭ്യാസത്തിനുമാവശ്യമായിട്ടുള്ള ട്രെയിനിംഗ് തുടങ്ങിയവ നടത്തുന്നതിനു 50 ശതമാനവും അതിന്റെ ഇൻഫ്രാസ്ട്രക്ചർ നൽകുന്നതിനാവശ്യമായിട്ടുള്ള വിധത്തിൽ, ഈ ഗവൺമെന്റിന് 9-ാം പഞ്ചവൽസര പദ്ധതിയിൽ പ്ലാനിംഗ് കമ്മീഷൻ ഒരു നിർദ്ദേശം തന്നത്, 100 ശതമാനം സാമ്പത്തിക സഹായം വേണമെന്ന് പറഞ്ഞ് ഈ ഗവൺമെന്റ് തള്ളിയതിന്റെ ഫലമായിട്ടല്ലേ ഇവിടത്തെ പ്രോജക്ട് അംഗീകരിക്കാത്തത് ? കർണ്ണാടകവും തമിഴ്നാടും ഇതെല്ലാം അംഗീകരിച്ചല്ലോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: ഈ ഗവൺമെന്റും അംഗീകരിച്ചുകൊണ്ട് തന്നെയാണ് ആ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചത്. അല്ലാതെ നമ്മുടേത് തള്ളിക്കളയാൻ വേണ്ടിയിട്ടല്ല. ഇതിന് വേണ്ടി വരുന്ന എല്ലാ ചെലവും സംസ്ഥാന ഗവൺമെന്റ് മീറ്റു ചെയ്യാമെന്ന് പറഞ്ഞതിനുശേഷവും അതിനു അംഗീകാരം നൽകാതിരിക്കുകയാണ് ഉണ്ടായത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഈ ഗവൺമെന്റ് കൊടുത്ത ലെറ്ററിൽ പറഞ്ഞിരിക്കുന്നത് 50 ശതമാനം പോര 100 ശതമാനം കിട്ടണമെന്നാണ്. 100 ശതമാനം കിട്ടുമെങ്കിൽമാത്രമേ ഇത് അംഗീകരിക്കാൻ പറ്റുമെന്ന് പറഞ്ഞ ഈ ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷന് എഴുതിയില്ലേ ?

ശ്രീ. കെ. രാധാകൃഷ്ണൻ: ഗവൺമെന്റ് ആവശ്യപ്പെടുക എന്നത് സ്വാഭാവികമാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടാൽ അത് കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് ആവശ്യപ്പെടുന്നത്. ആ സ്കീമിന് അപ്രൂവൽ തരികയാണെങ്കിൽ ആ സ്കീം ഇവിടെ നടപ്പിലാക്കാമെന്നും ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : പിന്നോക്ക ജാതിക്കാർക്കുള്ള സഹായം കൊടുത്തിട്ടും ഇപ്പോഴും വിദ്യാലയങ്ങളിൽ പോകാൻ സാധിക്കാത്ത ഒരു വിഭാഗമുണ്ട്. പ്രത്യേകിച്ചും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട 14 വയസ്സു വരെയുള്ള കുട്ടികൾ ഇനിയും വിദ്യാലയങ്ങളിൽ പോകാൻ സാധിക്കാത്തവരായി എത്ര വിദ്യാർത്ഥികൾ കേരളത്തിലുണ്ടെന്നുള്ളതിനെ സംബന്ധിച്ച് ഒരു സർവേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്ക് നിർബന്ധവും സാർവ്വത്രികവുമായിട്ടുള്ള വിദ്യാഭ്യാസം ലഭിക്കുവാനാവശ്യമായിട്ടുള്ള സൗകര്യം ഗവൺമെന്റുണ്ടാക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : കൃത്യമായി ഒരു സർവേ നടത്തി എത്ര കുട്ടികൾ സ്കൂളിൽ പോകാത്തതായിട്ടുണ്ടെന്നുള്ളതിന്റെ കണക്കെടുത്തിട്ടില്ല. ചില സ്ഥലങ്ങളിൽ കുട്ടികൾ സ്കൂളിൽ പോകുന്നില്ല. സ്കൂളിൽ പോയ കുട്ടികൾ തന്നെ കൊഴിഞ്ഞു പോയിട്ടുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കുട്ടികളെ കണ്ടെത്തി അവരെ തുടർന്നും പഠിപ്പിക്കാനുള്ള എല്ലാ വിധ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചത്, എന്നത്തേക്ക് ഈ വകുപ്പിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് ഗവൺമെന്റിന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: പിന്നോക്ക വിഭാഗ ക്ഷേമവകുപ്പ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച്, അതിന്റെ പാറ്റേൺ പഠിക്കാൻ വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. എത്രയും പെട്ടെന്ന് തന്നെ ഈ വകുപ്പ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : പിന്നോക്ക ക്ഷേമം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗികമായ പ്രശ്നങ്ങൾ, സംബന്ധിച്ച ചില അവ്യക്തതകളുണ്ട്. ഇത് സംബന്ധിച്ച് വിശദമായി ഒരേ സമയം കേരളത്തിലെ പിന്നോക്ക സമുദായ സംഘടനകളിലെ പ്രതിനിധികളുമായും കേന്ദ്രഗവൺമെന്റുമായും ചർച്ച നടത്തി വ്യക്തമായ പരിപാടികൾ ഗവൺമെന്റ് തയ്യാറാക്കുമോ ; അതോടൊപ്പംതന്നെ പിന്നോക്കവിഭാഗ വകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: പിന്നോക്ക വിഭാഗ ക്ഷേമവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. അതു പോലെ തന്നെ സംഘടനാപരമായി ആലോചിക്കാവുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പാലോട് രവി : ഞങ്ങൾ ഈ സഭയിൽ പല തവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. നാടാർ-മുസ്ലീം വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റൈപ്പന്റ് രണ്ട് വർഷം കഴിഞ്ഞാലും പ്ലസ് ടു പാസ്സായിക്കഴിഞ്ഞാലും കിട്ടുന്നില്ല. ഒരിക്കൽ സഭയിൽ പറഞ്ഞത് അതു ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചുവെന്നാണ്. നാടാർ-മുസ്ലീം വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച ഈ ആനുകൂല്യം കൊടുക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയുണ്ടായിട്ടുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: ഇത് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. അത് ജില്ലാ പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അവർക്ക് ആനുകൂല്യം യഥാസമയം കൊടുക്കുന്നില്ലെന്നുള്ളത് ശരിയാണ്. അത് കൊടുത്ത് തീർക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. രാജു : സർ, ഒരു ചെറിയ വിഭാഗമാണ് കുടുംബി സമുദായക്കാർ. അവർക്ക് സംവരണ വ്യവസ്ഥ ഒന്നും തന്നെ ലഭ്യമാകുന്നില്ല. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടുംബി സമുദായത്തിൽപ്പെട്ടവർക്ക് കൂടി ലഭ്യമാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: കുടുംബി സമുദായത്തെ പിന്നോക്ക വിഭാഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശം വന്നിട്ടുണ്ട്. അതുപോലെ തന്നെ അവർക്ക് മറ്റ് ആനുകൂല്യങ്ങളും കിട്ടണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അത് ഗവൺമെന്റ് വിശദമായി പരിശോധിച്ച് വരികയാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : കേന്ദ്ര ഗവൺമെൻറ് പദ്ധതികൾ ആവഷ്ക്കരിക്കുമ്പോൾ ഏത് കാലഘട്ടത്തിലുള്ളതായാലും ഓരോ സംസ്ഥാനങ്ങൾക്കും ഓരോ പദ്ധതികൾ അല്ല. മൊത്തത്തിൽ ഇൻഡ്യാ രാജ്യത്ത് മുഴുവനായിട്ടാണ് ഒരു സ്കീം പ്രൊപ്പോസ് ചെയ്തത്. ഓരോ സംസ്ഥാനത്തിനുള്ള മാച്ചിംഗ് കോൺട്രിബ്യൂഷൻ എന്നു പറയുന്നത് 47 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനം ഈ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻ തയ്യാറില്ല എന്ന് പറഞ്ഞതുകൊണ്ടാണ് നഷ്ടപ്പെട്ടത്. ഇവിടെ ശ്രീമതി ഭാർഗ്ഗവി തങ്കപ്പനും, ശ്രീമതി ഗൗരിയമ്മയും ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാന ഗവൺമെന്റ് മാച്ചിംഗ് കോൺട്രിബ്യൂഷൻ അടയ്ക്കാൻ തയ്യാറായിരുന്നെങ്കിൽ ഈ സംസ്ഥാനത്തിലെ പാവപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്നു. അതുകൊണ്ട് ഇനിയെങ്കിലും വൈകാതെ മാച്ചിംഗ് കോൺട്രിബ്യൂഷൻ, സംസ്ഥാന സർക്കാരിന്റെ വിഹിതം ഞങ്ങൾ അടയ്ക്കാൻ തയ്യാറാണ് എന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും ഈ സംസ്ഥാനത്തിനും പദ്ധതി നൽകണമെന്നും പറഞ്ഞ് കൊണ്ട് ഒരു പുനർ പൊതു അപേക്ഷ നൽകുവാൻ ഈ സർക്കാർ ശ്രമിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പൈസ കൊടുക്കില്ല എന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് തരുമെന്ന പ്രതീക്ഷയോടുകൂടിത്തന്നെയാണ് 20 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ ഇവിടെ നീക്കിവച്ചിട്ടുള്ളത്. ആന്റിസിപേറ്റ് ചെയ്തിട്ടാണ്, പക്ഷേ ആ സ്കീം അംഗീകരിക്കാത്തതുകൊണ്ടാണ് 47 കോടി രൂപ എന്ന് അവർ വെച്ചിരുന്നത്. നമ്മൾ ഇവിടെ 20 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ വെച്ചിരിക്കുന്നത്. 100 ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീം എന്നുള്ള അർത്ഥത്തിൽ അതുകൊണ്ടാണ് നമ്മൾ പൈസ അവിടെ വെച്ചത്. അല്ലാതെ പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കാൻ വേണ്ടി ഈ ഗവൺമെന്റ് ഒരു കാലത്തും നിൽക്കില്ല. അതിന് ശ്രമിക്കുകയുമില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽ തന്നെപ്പെടുത്തേണ്ടതാണ് ആംഗ്ലോ ഇൻഡ്യൻ സമുദായം എന്നാൽ അവർക്കിന്ന് ലംപ്സംഗ്രാന്റോ, അതുപോലുള്ള ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. അത് കിട്ടാൻ ഏറ്റവും അർഹതപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെ കിടക്കുന്ന ഒരു വിഭാഗമാണ് ആംഗ്ലോ ഇൻഡ്യൻ സമുദായം. അതുകൊണ്ട് തന്നെ ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അടക്കം അവരുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് വേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. അവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും അതുപോലെതന്നെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ പൂർണ്ണമായും പുറംതള്ളപ്പെട്ടിരിക്കുന്നു. ഇവിടെ എഞ്ചിനീയറിംഗ്, മെഡിസിൻ, ആയുർവേദം, ഹോമിയോ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ എൻട്രൻസ് എഴുതണമെങ്കിൽ പ്രീ-ഡിഗ്രിക്ക് 50 ശതമാനം മാർക്ക് വേണം. അപ്പോൾ 50 ശതമാനം മാർക്ക് കിട്ടണമെങ്കിൽ, കോളേജുകളിലാണെങ്കിൽ ഒരു വർഷം പത്തെഴുപത് ദിവസമേ ക്ലാസ്സ് നടക്കാറുള്ളൂ. 150 ദിവസം അദ്ധ്യയനം എന്നാണ് പറയുന്നതെങ്കിലും 70, 80 ദിവസമേ ക്ലാസ്സ് നടക്കാറുള്ളൂ. ഓരോ വിഷയത്തിനും പ്രത്യേക ട്യൂഷന് പോകണം. അത് കഴിഞ്ഞ് എൻട്രൻസ് കോച്ചിംഗിന് പോകണം. രണ്ട് വർഷം 17,000-ൽപ്പരം രൂപ മുടക്കാൻ കഴിയുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഈ എൻട്രൻസ് പരീക്ഷ എഴുതാൻ, ഈ കടമ്പകടക്കാൻ പറ്റൂ. ഇന്ന് കേരളത്തിൽ എഞ്ചിനീയറിംഗിനും, മെഡിസിനും അഡ്മിഷൻ കിട്ടിയ കുട്ടികളെ നോക്കിയാൽ സാമ്പത്തിക ശേഷിയുള്ള എസ്.സി./എസ്.ടി. വിഭാഗത്തിൽ തന്നെ ഉയർന്ന ഉദ്യോഗസ്ഥൻമാരുടേയും പിന്നോക്ക വിഭാഗത്തിപ്പെട്ട സാമ്പത്തിക ശേഷി ഉള്ളവരുടേയും മക്കൾ മാത്രമാണ് വരുന്നത്. നല്ല മിടുക്കൻമാരായ കുട്ടികൾ, സാമ്പത്തിക ശേഷി ഇല്ലാത്ത കുട്ടികൾ പുറംതള്ളപ്പെടുകയാണ്. ആ കുട്ടികളെ സഹായിക്കാൻ എന്തെങ്കിലും സ്കീം ഗവൺമെന്റിന് ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, എസ്.സി./എസ്.ടി. പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ മുഴുവൻ തന്നെ പ്രൊഫഷണൽ കോളേജ് രംഗത്ത് നിന്നും പുറംതള്ളപ്പെട്ടിരിക്കുന്നു എന്നുള്ള വാദം ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ എസ്.സി./എസ്.ടി. കുട്ടികൾക്ക് വേണ്ടി അവർക്ക് എൻട്രൻസ് പരീക്ഷയിൽ കടന്ന് വരാൻ, അല്ലെങ്കിൽ പരീക്ഷ എഴുതുന്നതിനുള്ള ശേഷി ഉണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ടി പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ഉണ്ട്. അതുകൂടാതെ മോഡൽ എസ്.എസ്. സ്കൂളുകൾ ഉണ്ട്. രണ്ട് മോഡൽ എസ്.എസ്. സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗ് കൊടുക്കുന്നുണ്ട്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഈ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, പിന്നോക്കക്കാർക്ക് സംവരണം കൊടുക്കുന്നതിലും ആനുകൂല്യം കൊടുക്കുന്നതിലും കേന്ദ്രം ഭരിച്ച മിക്കവാറും എല്ലാ ഗവൺമെന്റുകളും എതിരായിരുന്നു. 1977 വരെ കേന്ദ്രം ഭരിച്ച ഗവൺമെന്റുകൾ പിന്നോക്കക്കാർക്ക് സംവരണം ഉൾപ്പെടെ കൊടുത്തില്ല. മൊറാജിദേശായി ഗവൺമെന്റ് വന്നപ്പോഴാണ് ഇതിന് നടപടി എടുത്തത്. ആ റിപ്പോർട്ട് കിട്ടിയിട്ടും വി.പി.സിംഗ് ഗവൺമെന്റ് വരുന്നതുവരെ ആ റിപ്പോർട്ട് നടപ്പിലാക്കാത്ത അനുഭവം നമ്മുടെ മുൻപിൽ ഉണ്ട്. ഈ വസ്തുത കൂടി കണക്കിലെടുത്ത് കേന്ദ്രം ഇപ്പോൾ ഭരിക്കുന്ന ഗവൺമെന്റും അതിന് മുൻപ് ദീർഘകാലം ഭരിച്ച് വന്നിരുന്ന വരുമെല്ലാം പിന്നോക്കക്കാർക്ക് കൊടുക്കേണ്ട സംവരണം കൊടുത്തില്ല എന്ന വസ്തുത കൂടി കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ പിന്നോക്കക്കാർക്കെതിരായിട്ടുള്ള ഈ നടപടി തിരുത്തിക്കുന്നതിനു വേണ്ടി നമ്മോട് സഹകരിക്കാവുന്ന സംസ്ഥാന ഗവൺമെന്റുകളേയും, പിന്നോക്കവിഭാഗങ്ങളേയും ആകെ സംഘടിപ്പിച്ചുകൊണ്ട് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ ?

മി. സ്പീക്കർ : ഒരു സബ്മിഷൻ കൊണ്ടുവരുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമുക്കെല്ലാവർക്കും കൂടി അതിനൊരു മുന്നേറ്റം നടത്താം.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്, നമ്മൾ കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുന്ന സ്കീമുകൾ അംഗീകരിക്കുന്നില്ല; നമുക്ക് നൽകേണ്ട ഫണ്ട് കുറവ് ചെയ്യുന്നു. ഇതാണ് കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സ്റ്റാന്റ്. അത് ഒരു ഭാഗത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഓരോ കേന്ദ്രത്തിനും അനുവദിക്കപ്പെട്ട സംഖ്യ ചെലവഴിച്ചിട്ടുണ്ടോ എന്നുള്ളതുകൂടി നോക്കേണ്ടതുണ്ട്. ഈ രംഗത്ത് ചെലവഴിക്കേണ്ട സംഖ്യകൾ കൃത്യമായി മുൻകാലങ്ങളിൽ ചെലവഴിക്കാതിരുന്നതുകൊണ്ട് ലാപ്സായിട്ടുണ്ട്. അങ്ങനെ ലാപ്സ് വന്ന അനുഭവങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം കൂടി കണക്കിലെടുത്തുകൊണ്ടാണ്

കേന്ദ്ര ഗവൺമെന്റ് നമ്മുടെ സ്കീമുകൾക്ക് അപ്രൂവൽ തരാതിരിക്കുന്നത്. ഇത് വരാതിരിക്കുന്നതിനുവേണ്ടി നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥതലത്തിലുള്ള കാര്യക്ഷമത കുറച്ചുകൂടി ശുഷ്ക്കാന്തിയോടു കൂടി പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ? ഒരു ഉദാഹരണം; രണ്ട് മാസമായി സ്ഥിരമായി പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടർ ഇല്ല. ഇതുവരെ ആളെ നിയമിച്ചിട്ടില്ല. ഇതുപോലുള്ള കുറവുകൾ പരിഗണിക്കാതിരിക്കുന്നത് കൊണ്ടാണ് യഥാസമയം സ്കീം കുറ്റമറ്റതാക്കി തീർക്കാൻ കഴിയാത്ത അവസ്ഥ വരുന്നത്. ഇത്തരം കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വിദ്യാഭ്യാസകാര്യങ്ങൾക്കായുള്ള ഒറ്റ പൈസപോലും ഇവിടെ ലാപ്സ് ആകുകയോ പദ്ധതി നടപ്പിലാക്കാതെയോ ഇരിക്കുന്നില്ല. അവർ തരുന്നതിനേക്കാൾ കൂടുതൽ സംഖ്യയാണ് ഇന്ന് നമ്മൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പട്ടികജാതി പട്ടികവികസന വകുപ്പ് ഡയറക്ടർ ലീവിലായിരുന്നു. പുതിയ ആളെ വച്ചിട്ടുണ്ട്.

യുവജനനയം ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

3 (*182) ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീ. എം. വി. ജയരാജൻ:
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീ. രാജു എബ്രഹാം:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനനയം ആവിഷ്ക്കരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ യുവജനനയം ആവിഷ്ക്കരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സംസ്ഥാനത്തെ യുവജനസംഘടനകളുടെ അഭിപ്രായം ആരായുകയുണ്ടായോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ യുവജന സംഘങ്ങൾ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) യുവജനനയം ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതൊക്കെ യുവജനസംഘടനകളുടെ അഭിപ്രായമാണ് ആരാഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly